പുതുതായി ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതികൾ

1321. [1791] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച വാട്ടർ സപ്ലൈ പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രൊജ്ജം വില്ലേജിൽ എല്ലാം ശുദ്ധ ജലവിതരണം എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാം ;

(ഡി) കഴിഞ്ഞ വർഷ കാലത്തിനുശേഷം നടപ്പിലാക്കിയ ജലവിതരണ പദ്ധതിയിലൂടെ എത്രമാത്രം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു;

(ഇ) ഈ സാമ്പത്തികവർഷം എത്ര കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. നിർമ്മിച്ച കിണറുകളിലെ ജലം ജനങ്ങൾക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം :

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1985-86 സാമ്പത്തിക വർഷം 560 കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിലെല്ലാം പമ്പ് ഘടിപ്പിച്ചു വരികയാണ്. പണി പൂർത്തിയായി ജലവിതരണം ആരംഭിച്ച കിണറുകളുടെ എണ്ണം ശേഖരിച്ചുവരുന്നു.

പാറളം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

1322. [1793] ശ്രീ. കെ. പി. പ്രഭാകരൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക്, ജലസേചനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാറളം പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ എന്തായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറളം പെരിപ്പുള്ളിശ്ശേരി എന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി പാറളം പഞ്ചായത്തിലെ ശിവപുരം കോളനിക്കു വേണ്ടിയും ചേർപ്പ് പഞ്ചായത്തിലെ പെരിപ്പുള്ളിശ്ശേരി കോളനിക്ക് വേണ്ടിയും ആണ്. കൂടാതെ പാറളം പഞ്ചായത്തിൽ വെങ്ങിലശ്ശേരി, കപ്പേടക്കുന്ന്, തമ്മാടം സ്കൂൾ, ഓടല്ലൂർ സെന്റർ ഓടല്ലൂർ വല്ല കോളനി, ശാസ്താംകടവ് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുകയും ഹാൻപമ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

കൊറനാട് പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതി

1323. [1794] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട ജില്ലയിലെ കൊറനാട് പഞ്ചായത്തിൽ (പെരുംപെട്ടി വാട്ടർ സപ്ലൈ സ്കീം) ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കാനുള്ള കാലതാമസത്തിന് കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് പഞ്ചായത്തിൽ പെരുംപടി വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനായി സർവെ പൂർത്തിയാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധന പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. അനുമതി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടപ്പിൽ വരുത്തുവാൻ സാധിക്കൂ.

"വലിയതോട് പദ്ധതി"

1324. [1795] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 5 പഞ്ചായത്തുകളിൽ ഉൾപ്പെട്ട 'വലിയതോടു പദ്ധതി'യുടെ ശിലാസ്ഥാപനം 1977-ൽ നടന്നെങ്കിലും പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം എന്താണ് ;

(ബി) ഇതിന് എത്ര സംഖ്യയാണ് ചെലവു കണക്കാക്കുന്നത് ;

(സി) ഇത് എന്നത്തേക്കു പ്രവർത്തനം ആരംഭിക്കും ?

ഉത്തരം

(എ) ആവശ്യമായ സ്ഥലമെടുപ്പു പൂർത്തിയാകാത്തതുകൊണ്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനം വൈകുന്നത്.

(ബി) 88 ലക്ഷം രൂപയാണ് ഇപ്പോൾ ഈ പദ്ധതിക്കു മതിപ്പു ചെലവു കണക്കാക്കുന്നത്.

(സി) ഈ തുക ചെറുകിട ജലസേചന പദ്ധതിയുടെ പരിധിക്കു പുറത്താണ്. എസ്റ്റിമേറ്റ് തുക കുറയ്ക്കാമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

ചാലക്കുടി പുഴയുടെ തീരങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ

1325. [1796] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ചാലക്കുടി പുഴയുടെ ഇരു തീരങ്ങളിലും ഈ വർഷത്തെ കാലവർഷക്കെടുതികൾ വഴി എത്ര സംഖ്യയുടെ നാശനഷ്ടങ്ങൾ ഉണ്ടായി ;

(ബി) ഇതിന്റെ പുനരുദ്ധാരണ പണികൾക്ക് വല്ല നടപടിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) വെള്ളപ്പൊക്കം വഴി ഇടിഞ്ഞുപോയ ചാലക്കുടി പുഴയുടെ തീരങ്ങൾ കെട്ടി ബലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം ആണ് പണി നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly